**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 440** **09-08-2023 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനുള്ള കർമ്മ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (എ) | സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്ത വിധമുള്ള സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നുവെന്നത് വസ്തുതയാണ്. എന്നാൽ അതിന് ആധാരമായ ഘടകങ്ങൾ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിന് പുറത്തുള്ളതാണ് എന്നതാണ് യാഥാർത്ഥ്യം. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി ഗ്രാന്റിൽ നടപ്പ് സാമ്പത്തിക വർഷം 8425 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. കൂടാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയത് മൂലം ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം നിർത്തലാക്കിയതോടുകൂടി ഈ ഇനത്തിൽ മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് നടപ്പ് വർഷം 7246 കോടി രൂപയുടെ കുറവ് ഉണ്ടാകും. അങ്ങനെയിരിക്കേതന്നെ മുൻ വർഷങ്ങളിലേതു പോലെ കേന്ദ്ര സർക്കാർ മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എന്നിവ ചൂണ്ടിക്കാട്ടിയും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്തും നടപ്പ് വർഷത്തെ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തുകയും ചെയ്തിരുന്നു. ഇത്രയും ഭീമമായ കുറവ് തനത് വരുമാനത്തിലൂടെ നികത്തുവാനും സാദ്ധ്യമല്ല. അതേ സമയം, ചെലവുകളിന്മേൽ മേൽ പ്രതിപാദിച്ച കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ഇതാണ് നിലവിലെ സാമ്പത്തിക ബുദ്ധിമുട്ടിന്റെ കാരണം. |
| (ബി) | സാമ്പത്തിക പ്രതിസന്ധിക്ക് താല്ക്കാലിക പരിഹാരമെന്ന നിലയിൽ കിഫ്ബിയിലേക്ക് നൽകുന്ന പെട്രോൾ/വാഹന നികുതി സെസിന്റെ എസ്ക്രോ സംവിധാനം നിർത്തലാക്കി തുക മൂന്ന് മാസത്തിൽ ഒരിക്കൽ നൽകുന്നതിന് നടപടികൾ സ്വീകരിക്കാമോ; | (ബി) | നിലവിൽ സർക്കാർ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| (സി) | ഇതിനായി ബന്ധപ്പെട്ട നിയമവും ചട്ടവും ഭേദഗതി ചെയ്യുവാൻ നടപടികൾ സ്വീകരിക്കുമോ; | (സി) | നിലവിൽ സർക്കാർ പരിഗണനയിലില്ല. |
| (ഡി) | ഇല്ലെങ്കിൽ ബദൽ സംവിധാനമെന്ന നിലയിൽ പ്രസ്തുത തുക ട്രഷറിയിലേക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | നിലവിൽ സർക്കാർ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ